'ഭരണഭാഷ–മാതൃഭാഷ'

**കേരള സർക്കാർ**

## സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26 - വികസന (പൊതു വിഭാഗം) ഫണ്ട് - തിരുവനന്തപുരം ജില്ലാപഞ്ചായത്ത് - 2023-24 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതിൽ ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ–എ) വകുപ്പ്**

സ.ഉ.(സാധാ)നം.2078/2026/ധന തീയതി, തിരുവനന്തപുരം, 27-02-2026

---

പരാമർശം : 1. 05/08/2025 തീയതിയിലെ തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ LSGD/DP/TVM/2212299-2025 നം. കത്ത്

2. 24/02/2026 തീയതിയിലെ തിരുവനന്തപുരം ജില്ലാ ട്രഷറി അസിസ്റ്റന്റ് ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

## ഉത്തരവ്

2023-2024 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലാപഞ്ചായത്ത്, തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ പൊതു ജലാശയത്തിലെ മത്സ്യവിത്ത് നിക്ഷേപം (നം. 72/2023-2024) എന്ന പദ്ധതിയ്ക്കായി വികസന (പൊതു വിഭാഗം) ഫണ്ടിൽ നിന്നും നെയ്യാർഡാം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ ₹4,02,514/- പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം സർക്കാരിന് തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സൂചന (2) ലെ തിരുവനന്തപുരം ജില്ലാ ട്രഷറി അസിസ്റ്റന്റ് ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, തിരുവനന്തപുരം ജില്ലാപഞ്ചായത്ത്

2023-2024 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ പൊതു ജലാശയത്തിലെ മത്സ്യവിത്ത് നിക്ഷേപം (നം. 72/2023-2024) എന്ന പദ്ധതിയ്ക്കായി നെയ്യാർഡാം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിലെ വികസന ഫണ്ടിന്റെ 3604-00-200-81-(03)-35 (പൊതു വിഭാഗം) ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് (D010000) ₹4,02,514/- രൂപ (നാല് ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റി പതിനാല് രൂപ മാത്രം ) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് നെയ്യാർഡാം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം ജില്ലാപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3335005)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ